REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 23-10-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- രാഷ്ട്രപതി ദ്രൗപതി മുർമു രാവിലെ രാജ്ഭവനിൽ മുൻ രാഷ്ട്രപതി KR നാരായണന്റെ അർദ്ധകായ പ്രതിമ അനാച്ഛാദനം ചെയ്യും.
- വർക്കല ശിവഗിരിയിൽ ശ്രീനാരായണ ഗുരു സമാധി ശതാബ്ദി ആചരണം ഉദ്ഘാടനം ചെയ്യുന്ന രാഷ്ട്രപതി, പാലാ സെന്റ് തോമസ് കോളേജിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിലും ഇന്ന് പങ്കെടുക്കും.
- സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. ഇന്ന് ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രത-കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മീൻപിടുത്തത്തിന് വിലക്ക്.
- സംസ്ഥാന സ്കൂൾ കായികമേളയുടെ ആദ്യദിനത്തിൽ തിരുവനന്തപുരത്തിന്റെ മുന്നേറ്റം.
- ഇന്ത്യ- ഓസ്ട്രേലിയ ഏകദിന ക്രിക്കറ്റ് മത്സരം രാവിലെ അഡിലെയ്ഡിൽ തുടങ്ങും.

## വാർത്തകൾ വിശദമായി

നാലു ദിവസത്തെ സന്ദർശനത്തിന് കേരളത്തിലെത്തിയ രാഷ്ട്രപതി ദ്രൗപതി മുർമു രാവിലെ രാജ്ഭവനിൽ മുൻ രാഷ്ട്രപതി KR നാരായണന്റെ അർദ്ധകായ പ്രതിമ അനാച്ഛാദനം ചെയ്യും. തുടർന്ന് വർക്കല ശിവഗിരിയിൽ ശ്രീനാരായണ ഗുരു സമാധി ശതാബ്ദി ആചരണവും ദ്രൗപതി മുർമു ഉദ്ഘാടനം ചെയ്യും.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്)............

രാഷ്ട്രപതിയുടെ സമ്മേളനങ്ങളിൽ പങ്കെടുക്കുന്നവർക്ക് തിരിച്ചറിയൽ രേഖ നിർബന്ധമാക്കിയിട്ടുണ്ട്. ശിവഗിരിയിലെ പരിപാടിയിൽ രാവിലെ പത്തു മുതൽ വേദിയിലേക്ക് പ്രവേശനം ആരംഭിക്കും. സമ്മേളനം കഴിയുന്നതുവരെ ഓഡിറ്റോറിയത്തിൽ നിന്ന് പുറത്തേക്ക് പോകാൻ ആരെയും അനുവദിക്കില്ല. വാഹന പാർക്കിംഗിലും നിയന്ത്രണമുണ്ടായിരിക്കും.

ഉച്ചകഴിഞ്ഞ് പാലാ സെന്റ് തോമസ് കോളേജിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളിൽ രാഷ്ട്രപതി മുഖ്യാതിഥിയായി പങ്കെടുക്കും. പരിപാടിക്ക് ശേഷം പാലായിൽ നിന്ന് ഹെലികോപ്റ്ററിൽ അവർ കോട്ടയത്ത് എത്തും. കുമരകത്തെ റിസോർട്ടിൽ നിന്ന് നാളെ രാവിലെ 11-ന് രാഷ്ട്രപതി ഹെലികോപ്റ്ററിൽ എറണാകുളത്തേക്ക് പോകും. സെന്റ് തെരേസാസ് കോളജിന്റെ ശതാബ്ദി ആഘോഷങ്ങൾ അവർ ഉദ്ഘാടനം ചെയ്യും.

രാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് കോട്ടയം ജില്ലയിലെ സ്കൂളുകളുടെ പ്രവർത്തന സമയത്തിൽ ഇന്നും, നാളെയും മാറ്റം വരുത്തി. സ്കൂളുകൾ ഇന്ന് ഉച്ചകഴിഞ്ഞ് മൂന്നിന് മുൻപായി പ്രവർത്തനം അവസാനിപ്പിക്കണം. കോട്ടയം താലൂക്കിലെ എല്ലാ സ്കൂളുകളും വെള്ളിയാഴ്ച രാവിലെ 8.30ന് മുമ്പ് പ്രവർത്തനം ആരംഭിക്കണമെന്നും നിർദേശം നൽകിയിട്ടുണ്ട്.

സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി കോട്ടയം ജില്ലയിൽ കർശന സുരക്ഷ ഒരുക്കിയിട്ടുണ്ട്.

✪✪✪

സൈനിക കമാൻഡർമാരുടെ സമ്മേളനത്തിൽ പങ്കെടുക്കാൻ രാജ്യരക്ഷാമന്ത്രി രാജ്നാഥ്സിംഗ് രാജസ്ഥാനിലെ ജെയ്സാൽമിറിൽ ഇന്നെത്തും. ഓപ്പറേഷൻ സിന്ദൂറിനുശേഷം ചേരുന്ന ആദ്യ കമാൻഡേഴ്സ് കോൺഫറൻസാണിത്. സൈന്യത്തിന്റെ പ്രവർത്തനസജ്ജതയും, ഭാവി സുരക്ഷാ വെല്ലുവിളികളും സമ്മേളനം ചർച്ച ചെയ്യും.

✪✪✪

തിരഞ്ഞെടുപ്പു കമ്മീഷൻ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ചീഫ് ഇലക്ടറൽ ഓഫീസർമാരുടെ രണ്ടു ദിവസത്തെ സമ്മേളനം ഇന്ന്

സമാപിക്കും. ദേശീയതലത്തിൽ പ്രത്യേക വോട്ടർപട്ടിക പരിഷ്ക്കരണം നടപ്പാക്കുന്നതിന്റെ വിവിധ വശങ്ങളാണ് സമ്മേളനം ചർച്ച ചെയ്യുന്നത്.

✪✪✪

ദേശീയ ഹൈവേ അതോറിറ്റി 23 സംസ്ഥാനങ്ങളിലെ 21,000 ത്തോളം കിലോമീറ്ററിൽ നെറ്റ് വർക്ക് സർവേ വാഹനങ്ങൾ വിന്യസിക്കും. റോഡുകളുടെ ഉപരിതല വിള്ളലുകൾ, കുഴികൾ തുടങ്ങിയവയും നടപ്പാതയുടെ അവസ്ഥയും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് ഈ സംവിധാനം ഏറെ പ്രയോജനം ചെയ്യുമെന്ന് ഗതാഗത-ഹൈവേ മന്ത്രാലയം അറിയിച്ചു. 3-D ലേസർ സംവിധാനം ഉപയോഗിച്ചായിരിക്കും പരിശോധന.

✪✪✪

പഞ്ചാബ് നാഷണൽ ബാങ്ക് തട്ടിപ്പ് കേസിൽ വ്യവസായി മെഹുൽ ചോക്സിയെ ഇന്ത്യയ്ക്ക് കൈമാറാൻ ആന്റ്വെർപ്പിലെ ബെൽജിയൻ കോടതി അനുമതി നൽകി. ബെൽജിയൻ അധികൃതർ ചോക്സിയെ അറസ്റ്റ് ചെയ്തതിന്റെ നിയമസാധുത കോടതി ശരിവച്ചു. ആന്റിഗ്വയിൽ നിന്ന് തട്ടിക്കൊണ്ടുപോയതായും ഇന്ത്യയിൽ രാഷ്ട്രീയ ഭീഷണിയും മനുഷ്യത്വരഹിതമായ പെരുമാറ്റവും നേരിട്ടതായും ചോക്സി കോടതിയിൽ വാദിച്ചിരുന്നു. എന്നാൽ അവകാശവാദങ്ങളെ പിന്തുണയ്ക്കുന്നതിന് വ്യക്തമായ തെളിവുകൾ കോടതിയിൽ ഹാജരാക്കാൻ ചോക്സിക്ക് കഴിഞ്ഞില്ല.

✪✪✪

മുതിർന്ന ബഹിരാകാശ ശാസ്ത്രജ്ഞനും, പത്മഭൂഷൺ പുരസ്കാര ജേതാവുമായ ഡോ. ഏകനാഥ് ചിട്നിസ് അന്തരിച്ചു. പൂനെയിൽ ഇന്നലെ പുലർച്ചെയായിരുന്നു നൂറിലെത്തിയ ചിട്നിസിന്റെ അന്ത്യം. ISRO രൂപീകരണത്തിൽ നിർണായക പങ്ക് വഹിച്ച അദ്ദേഹം, ഡോ. ഹോമിഭാഭയുമായി ചേർന്ന് പ്രവർത്തിച്ചിട്ടുണ്ട്. ഇൻസാറ്റ് ഉപഗ്രഹങ്ങളുടെ വികസനത്തിലും ചിട്നിസിന്റെ പങ്ക് വിലപ്പെട്ടതായിരുന്നു. തുമ്പ, ശ്രീഹരിക്കോട്ട വിക്ഷേപണ കേന്ദ്രങ്ങൾ തിരഞ്ഞെടുത്തതും അദ്ദേഹമുൾപ്പെടെ ശാസ്ത്രജ്ഞരുടെ സംഘമാണ്. 1970 കളിൽ ചിട്നിസ് തുടങ്ങിവെച്ച യത്നങ്ങളാണ് 90കളിൽ ഇന്ത്യൻ ഗ്രാമീണമേഖലയിൽ ടെലിവിഷൻ ലഭ്യതയ്ക്ക് വഴിയൊരുക്കിയത്.

✪✪✪

സെപ്റ്റംബർ 22 ന് മോദി ഗവണ്മെന്റ് കൊണ്ടുവന്ന GST ബചത് ഉത്സവ് ഇന്ന്, ഇലക്ട്രോണിക്സ് ഉത്പന്നങ്ങളുടെ വിലയിൽ വൻ കുറവു വരുത്തി.

മധ്യവർഗ കുടുംബങ്ങളുടെയും, താഴ്ന്ന-ഇടത്തരം കുടുംബങ്ങളുടെയും സാമ്പത്തിക ഭാരത്തിൽ വലിയ കുറവാണ് വരുത്തിയത്. പുതുക്കിയ GST ഘടന പ്രകാരം, എയർ കണ്ടീഷണറുകൾ, ടെലിവിഷനുകൾ എന്നിവയുടെ നികുതി 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായി കുറച്ചു. ഇത് ഉപഭോക്താക്കൾക്ക് താങ്ങാനാവുന്ന വിലയിൽ ഉത്പന്നങ്ങൾ വാങ്ങാൻ അവസരമൊരുക്കി. അതോടൊപ്പം മോണിറ്ററുകൾ, പ്രൊജക്ടറുകൾ, ഇലക്ട്രിക് അക്യുമുലേറ്ററുകൾ എന്നിവയുടെ നികുതിയും 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായി കുറച്ചു.

പുതിയ GST പരിഷ്കരണം ആവശ്യകത വർദ്ധിപ്പിക്കുകയും ആഭ്യന്തര ഉൽപാദകർക്ക് വിപണി വികസനത്തിന് വഴിയൊരുക്കുകയും ചെയ്തു.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ നാളെ മസ്കറ്റിൽ പ്രവാസി സംഗമത്തിൽ പങ്കെടുക്കും. ഇന്ത്യൻ സോഷ്യൽ ക്ലബ് ഒമാൻ കേരള വിഭാഗം അമറാത്തിൽ സംഘടിപ്പിക്കുന്ന ഇന്ത്യൻ കമ്മ്യൂണിറ്റി ഫെസ്റ്റിവൽ അദ്ദേഹം ഉദ്ഘാടനം ചെയ്യും. ശനിയാഴ്ച സലാലയിൽ എത്തുന്ന മുഖ്യമന്ത്രി അൽ ഇത്തിഹാദ് സറ്റേഡിയത്തിൽ പ്രവാസോത്സവം -2025 ഉദ്ഘാടനം ചെയ്യും. തുടർന്ന് മലയാളം മിഷൻ സലാല ചാപ്റ്ററും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഞായറാഴ്ച രാവിലെ 11 ന്. പരിപാടിയുടെ 127--ാം പതിപ്പാണിത്. മൻ കി ബാത്തിലേക്ക് ആശയങ്ങളും, അഭിപ്രായങ്ങളും നാളെ വരെ പങ്കുവയ്ക്കാം.

✪✪✪

സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് ഒമ്പത് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് ജാഗ്രത.

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് നിർദ്ദേശം നൽകി.

✪✪✪

ശബരിമല സ്വർണക്കവർച്ചക്കേസിലെ രണ്ടാംപ്രതി ദേവസ്വം ബോർഡ് മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫിസർ  മുരാരി ബാബുവിനെ പ്രത്യേക അന്വേഷണ സംഘം കസ്റ്റഡിയിലെടുത്തു. ഇന്നലെ രാത്രി പെരുന്നയിലെ വീട്ടിലെത്തി  കസ്റ്റഡിയിലെടുത്ത മുരാരി ബാബുവിനെ കൂടുതൽ ചോദ്യം ചെയ്യലിനായി തിരുവനന്തപുരത്തേക്ക് കൊണ്ടുപോയി. 2019ൽ ശബരിമല അഡ്മിനിസ്ട്രേറ്റീവ് ഓഫിസറായിരുന്ന അദ്ദേഹം നിലവിൽ സസ്പെൻഷനിലാണ്.

✪✪✪

സംസ്ഥാന സ്കൂൾ കായികമേളയുടെ ആദ്യദിനത്തിൽ മറ്റു ജില്ലകളെ ബഹുദൂരം പിന്നിലാക്കി തിരുവനന്തപുരം മുന്നേറുന്നു. കായിക മേളയുടെ പ്രധാന ഇനമായ അത്‌ലറ്റിക്സിന്  ഇന്ന് തുടക്കമാകും.

തിരുവനന്തപുരം ലേഖകൻ സ്മിതി M പള്ളുരുത്തി.

.........(വോയ്സ്)................

✪✪✪

പുരുഷ ക്രിക്കറ്റിൽ ഇന്ത്യ- ഓസ്ട്രേലിയ  ഏകദിന മത്സരം ഇന്ന് അഡിലെയ്ഡിൽ തുടങ്ങും. ഇന്ത്യൻസമയം രാവിലെ ഒൻപതിനാണ് മൂന്ന് മത്സര പരമ്പരയിലെ രണ്ടാം മത്സരം ആരംഭിക്കുന്നത്. ആദ്യമത്സരം ജയിച്ച ഓസ്ട്രേലിയ ഇന്നു കൂടി വിജയിച്ചാൽ പരമ്പര ഇന്ത്യയ്ക്ക് നഷ്ടമാകും. ഏകദിന പരമ്പരയ്ക്കുശേഷം ഇരുടീമുകളും അഞ്ച് ട്വന്റി-20 മത്സരങ്ങളിലും പങ്കെടുക്കും.

✪✪✪

ICC വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യ  ഉച്ചകഴിഞ്ഞ് മൂന്നിന് ന്യൂസിലാൻഡിനെ നേരിടും. നവിമുംബൈയിലെ DY പാട്ടീൽ

സ്റ്റേഡിയത്തിലാണ് മത്സരം. ഇരുടീമുകൾക്കും ഇന്നത്തെ വിജയം അനിവാര്യമാണ്. തോൽക്കുന്ന ടീം ടൂർണമെന്റിൽ നിന്ന് പുറത്താകും.

ഇന്നലെ ഓസ്ട്രേലിയ, ഇംഗ്ലണ്ടിനെ ഇൻഡോർ ഹോൾക്കർ സ്റ്റേഡിയത്തിൽ ആറു വിക്കറ്റിന് തോൽപ്പിച്ചു. രണ്ട് ടീമുകളും സെമിയിലേക്ക് യോഗ്യത നേടിയിട്ടുണ്ട്.

✪✪✪

താമരശേരി ഫ്രഷ്കട്ട് കോഴിമാലിന്യ സംസ്കരണ കേന്ദ്രത്തെ ന്യായീകരിച്ച മന്ത്രി MB രാജേഷ് ഇരകൾക്കൊപ്പമല്ല, ഉടമകൾക്കൊപ്പമാണെന്ന് മുസ്ലീം ലീഗ് കുറ്റപ്പെടുത്തി. ആറു വർഷമായി രൂക്ഷമായ ദുർഗന്ധത്തിനും, മലിനീകരണത്തിനുമെതിരെ പ്രദേശത്തെ ജനങ്ങൾ സമരരംഗത്തായിരുന്നു. കോഴിക്കോടിന് പുറമെ, വയനാട്, മലപ്പുറം ജില്ലകളിലെ മാലിന്യം കൂടി എത്തിച്ചതോടെയാണ് ഉപരോധസമരത്തിന് ജനങ്ങൾ നിർബന്ധിതരായതെന്ന് ജില്ലാഭാരവാഹികൾ പറഞ്ഞു.

✪✪✪

താമരശേരി ഫ്രഷ് കട്ട് അറവുമാലിന്യ സംസ്കരണത്തിനെതിരായ ജനകീയ പ്രതിഷേധത്തിൽ നുഴഞ്ഞു കയറി കുഴപ്പങ്ങളുണ്ടാക്കിയവരെ അന്വേഷണത്തിലൂടെ നിയമത്തിനു മുന്നിൽ കൊണ്ടുവരണമെന്ന് CPIM ജില്ലാസെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു. ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത് ആവശ്യമാണെങ്കിലും, ജനങ്ങളെ മുന്നിൽനിർത്തി കലാപത്തിന് ശ്രമിക്കുന്നവരെ പുറത്തു കൊണ്ടുവരണമെന്ന് ജില്ലാസെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു.

✪✪✪

ചക്കിട്ടപ്പാറയിൽ ടൈഗർ സഫാരി പാർക്ക് യാഥാർഥ്യമാകുന്നതോടെ പഞ്ചായത്തിന്റെ മുഖച്ഛായ മാറുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. ഗ്രാമപഞ്ചായത്ത് വികസന സദസ്സ് ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. 510 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പഞ്ചായത്തിൽ ഉണ്ടായതായി മന്ത്രി അറിയിച്ചു.

✪✪✪

TB മുക്ത് ഭാരത്-ന്റെ ഭാഗമായി “കവലകൾ തോറും TB/ HIV ബോധവൽക്കരണം'' ക്യാമ്പയിനും സ്ക്രീനിംഗും രാവിലെ കൊല്ലത്ത് നടത്തും. 2030 ഓടെ രാജ്യത്ത് നിന്നും TB തുടച്ചുനീക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ ദേശീയ TB നിവാരണ പരിപാടിയുടെ

ഭാഗമായാണ് സ്ക്രീനിംഗ്. ജില്ലയിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ, തീരപ്രദേശങ്ങൾ, ആരാധനാലയങ്ങൾ, ആശ്രമങ്ങൾ എന്നിവ കേന്ദ്രീകരിച്ചാണ് ക്യാമ്പയിൻ.

✪✪✪

താനൂർ തൂവൽതീരത്തെ ബോട്ടുദുരന്തത്തിന്റെ കാരണവും സാഹചര്യങ്ങളും സംബന്ധിച്ച ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ട് ഡിസംബറിൽ തയ്യാറാക്കും. ഒന്നര വർഷം നീണ്ട അന്വേഷണത്തിലൂടെയാണ് ജസ്റ്റിസ് V K മോഹനൻ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കുന്നത്. 55 പേരിൽ നിന്ന് മൊഴിയെടുത്തും, 80 ലേറെ രേഖകൾ പരിശോധിച്ചുമാണ് അന്വേഷണം പൂർത്തിയാക്കിയതെന്ന് കമ്മീഷൻ അംഗം ഡോ. KP നാരായണൻ അറിയിച്ചു. 2023 മെയ് ഏഴിന് സംഭവിച്ച ബോട്ട് ദുരന്തത്തിൽ 15 കുട്ടികളടക്കം 22 പേരാണ് മരിച്ചത്.

✪✪✪

സംസ്ഥാന വനിതാ കമ്മീഷൻ സിറ്റിംഗ് രാവിലെ കോഴിക്കോട്ട് ആരംഭിക്കും. ടൗൺഹാളിലാണ് സിറ്റിംഗ്.

✪✪✪

---

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRTs: ഫസ്ന ഫാത്തിമ, നിമിഷ ജി*
*DEO : ഷീബ*